# STD - XI

## അദ്ധ്യാപക സഹായി

**പാഠം – ആറ്** **ഭാഗം – ഒന്ന്**

## യുവജനങ്ങളും സാമൂഹിക പ്രതിജ്ഞാബദ്ധതയും

### ലക്ഷ്യം

സമുദായത്തിന്റെ വിദ്യാഭ്യാസ, സാമ്പത്തിക, സാമൂഹിക, രാഷ്ട്രീയ മേഖലകളുടെ വളർച്ചയ്ക്കായി മുന്നിൽനിന്ന് പ്രവർത്തിക്കാനുള്ള കരുത്ത് യുവജനങ്ങൾ ആർജ്ജിക്കണം.

### പഠനസഹായികൾ

* Video (1) Go and Sin no more - The Bible St. John: 8(1-11)
* വചനം – ഏശ. 1:1–31, 1 രാജാ. 18:1–40, ആമോസ് 5:21
* ചാർട്ട് – സഭയുടെ സാമൂഹിക പ്രബോധനങ്ങൾ

### പാഠത്തിന്റെ ഉള്ളടക്കം

* യുവജനങ്ങളിൽ കണ്ടുവരുന്ന സവിശേഷതകൾ
* സാമൂഹിക പ്രതിജ്ഞാബദ്ധത: ഒരു പ്രവാചകദൗത്യം
* ക്രിസ്തുവിന്റെ സാമൂഹിക പ്രതിജ്ഞാബദ്ധത
* സഭയുടെ സാമൂഹിക പ്രതിജ്ഞാബദ്ധത
* സഭയുടെ സാമൂഹിക പ്രബോധനങ്ങൾ

### പ്രാർത്ഥന

സ്നേഹപിതാവായ ദൈവമേ, യുവജനങ്ങളായ ഞങ്ങളെ അങ്ങ് അനുഗ്രഹിക്കേണമേ. സഭയുടെ ഉന്നമനത്തിനുവേണ്ടിയും ആരാധനാസമൂഹത്തിന് നേതൃത്വം കൊടുത്തുകൊണ്ടും അടിച്ചമർത്തപ്പെട്ടവരുടെയും ബന്ധിതരുടേയും വിമോചനത്തിനായി പ്രയത്നിക്കുവാനും അവരുടെ ശബ്ദമായിത്തീരുവാനും ഞങ്ങളെ അനുഗ്രഹിക്കേണമേ.

## ചോദ്യങ്ങൾ

1. യുവജനങ്ങളുടെ ദൈവദത്തമായ കഴിവുകളെക്കുറിച്ച് യുവജനങ്ങളുടെ പാപ്പയായ ജോൺപോൾ രണ്ടാമന്റെ വാക്കുകൾ എന്തെല്ലാം?
2. നാളത്തെ സമുദായത്തിനും സമൂഹത്തിനും സഭയ്ക്കും നേതൃത്വം നൽകേണ്ടവർ ആര്?
3. യുവജനങ്ങളിൽ പൊതുവെ കണ്ടുവരുന്ന സവിശേഷതകൾ എന്തെല്ലാം?
4. സഭയുടെ ദൗത്യം എന്ത്?
5. സഭയുടെ സാമൂഹികപ്രബോധനങ്ങളെക്കുറിച്ച് വ്യക്തമാക്കുക.

# STD - XI

## അദ്ധ്യാപക സഹായി

**പാഠം - ആറ്** **ഭാഗം - രണ്ട്**

## യുവജനങ്ങളും സാമൂഹിക പ്രതിജ്ഞാബദ്ധതയും

### ലക്ഷ്യം

ഈ ലോകത്തിന്റെ പ്രശ്നങ്ങളിൽ ഇടപെട്ടുകൊണ്ട് ലോകത്തിന്റെ രക്ഷയുടെ കൂദാശ യായിത്തീരാൻ വിളിക്കപ്പെട്ടവരായ സഭാമക്കൾ, ക്രിസ്തുവിന്റെ മാതൃക ലക്ഷ്യംവച്ചു പ്രവർത്തിക്കണം.

### പഠനസഹായികൾ

* Video (2) Kindness and good deeds will comeback...
* കേരള വിദ്യാഭ്യാസരംഗത്ത് ആദ്യകാല സംഭാവനകൾ നൽകിയ ലത്തീൻ മിഷണറി മാരുടെ ചിത്രങ്ങൾ
* ചാർട്ടുകൾ - ഉദയംപേരൂർ സൂനഹദോസിന്റെ പ്രധാനപ്പെട്ട കാനോനകൾ

### പാഠത്തിന്റെ ഉള്ളടക്കം

* കേരളത്തിലെ ലത്തീൻസഭയുടെ സാമൂഹിക പ്രതിജ്ഞാബദ്ധത
* ഉദയംപേരൂർ സൂനഹദോസ്: കേരള നവോത്ഥാനത്തിന്റെ നാഴികക്കല്ല്
* ലത്തീൻ മിഷനറിമാരുടെ സംഭാവനകൾ
* വിദ്യാഭ്യാരംഗവും ലത്തീൻ മിഷണറിമാരും
* മലയാളഭാഷയും ലത്തീൻ മിഷണറിമാരും

### പ്രാർത്ഥന

ക്രിസ്തുവിന്റെ പ്രവാചകധീരത മാതൃകയാക്കിക്കൊണ്ട് സമൂഹത്തിന്റെ നന്മയ്ക്കുവേണ്ടി പ്രവർത്തിക്കാനുള്ള ശക്തിയും കൃപയും തന്ന് ഞങ്ങളെ അനുഗ്രഹിക്കേണമേ.

## ചോദ്യങ്ങൾ

1. യേശുവിന്റെ സാമൂഹിക പ്രതിജ്ഞാബദ്ധത എപ്രകാരമുള്ളതായിരുന്നു?
2. കേരള ക്രൈസ്തവസമൂഹത്തിൽ നവോത്ഥാന ചിന്തകളുടെ കൊടുങ്കാറ്റായ ഉദയം പേരൂർ സൂനഹദോസ് നടന്നത് എന്ന്? ആരാണ് സൂനഹദോസ് വിളിച്ചുകൂട്ടിയത്? സൂനഹദോസിലെ പ്രധാനപ്പെട്ട കാനോനകൾ എഴുതുക
3. ലത്തീൻ മിഷണറിമാരുടെ സംഭാവനകൾ എന്തെല്ലാം?
4. വിദ്യാഭ്യാസരംഗത്ത് ലത്തീൻ മിഷണറിമാരുടെ പങ്ക് എന്ത്?
5. കേരളത്തിൽ ആദ്യത്തെ വിദ്യാഭ്യാസ സ്ഥാപനം ഏത് പേരിൽ അറിയപ്പെടുന്നു?

# STD - XI

## അദ്ധ്യാപക സഹായി

**പാഠം - ആറ്** **ഭാഗം - മൂന്ന്**

## യുവജനങ്ങളും സാമൂഹിക പ്രതിജ്ഞാബദ്ധതയും

### ലക്ഷ്യം

യേശുവിന്റെ സാമൂഹിക പ്രതിജ്ഞാബദ്ധത സമൂഹത്തിന്റെ എല്ലാ തലങ്ങളെയും സ്പർശിക്കുന്നതായിരുന്നു. ലിംഗജാതിഭേദമില്ലാത്തതും ആരെയും മാറ്റിനിറുത്താത്താതും ആയിരുന്നു.

### പഠനസഹായികൾ

* Video (3&4) 1. Corruption is not a culture
  2. Change - Short film
* ചാർട്ട് - സാമൂഹിക പ്രതിജ്ഞാബദ്ധതയിൽ വളരാനുള്ള നിർദ്ദേശങ്ങൾ

### പാഠത്തിന്റെ ഉള്ളടക്കം

* ലത്തീൻ മിഷണറിമാരും അച്ചടിയും
* ആതുരശുശ്രൂഷയും ലത്തീൻ മിഷണറിമാരും
* സാമൂഹികപ്രതിജ്ഞാബദ്ധതയിൽ വളരാൻ ചില നിർദ്ദേശങ്ങൾ

### പ്രാർത്ഥന

സ്നേഹിതർക്കുവേണ്ടി ജീവനർപ്പിച്ച യേശുവിന്റെ ജീവിതം മാതൃകയാക്കിക്കൊണ്ട് അപരനുവേണ്ടി ആത്മാർപ്പണം ചെയ്യുവാനും സഭാസമൂഹത്തിന്റെ എല്ലാ മേഖലകളുടെയും വളർച്ചയ്ക്കായി മുന്നിൽനിന്ന് പ്രവർത്തിക്കാനുമുള്ള കൃപ നൽകി അനുഗ്രഹിക്കണമെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

### ചോദ്യങ്ങൾ

1. ഇന്ത്യയിലെ ആദ്യത്തെ മുദ്രണാലയം സ്ഥാപിച്ചത് ആര്? എവിടെ?
2. ആതുരശുശ്രൂഷാരംഗത്ത് ലത്തീൻ മിഷണറിമാരുടെ പങ്കെന്ത്?
3. ലത്തീൻ മിഷണറിമാരും അച്ചടിയും. കുറിപ്പ് എഴുതുക.
4. ആദ്യകാല അച്ചടിശാലകൾ ഏതെല്ലാം? കേരളത്തിൽ ആദ്യം അച്ചടിക്കപ്പെട്ട പുസ്തകം ഏത്?
5. സാമൂഹികപ്രതിജ്ഞാബദ്ധതയിൽ വളരാൻ സഹായിക്കുന്ന കാര്യങ്ങൾ വിശദീകരിക്കുക.